(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പത്താം ശമ്പള കമ്മീഷനെ നിയമിച്ചതെന്നാണ് ;

(ബി) ശമ്പള കമ്മീഷൻ നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിലേക്കായി 30-11-2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന. ഉത്തരവ് പ്രകാരം പത്താം ശമ്പള പരിഷ്കരണ കമ്മീഷനെ സർക്കാർ നിയമിച്ചു.

(ബി&സി) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുവാൻ ത്വരിതഗതിയിൽ പ്രവർത്തനം നടന്നുവരുന്നു.

നിക്ഷേപക സുരക്ഷ

159 (504) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിക്ഷേപകരുടെ പണം സുരക്ഷിതമാക്കുവാനും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) നിക്ഷേപ തട്ടിപ്പുകൾ തടയുന്നതിന് പ്രസ്തുത നടപടി എത്രത്തോളം പര്യാപ്തമാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ ;

(സി) നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നടത്തിയ നിയമ നിർമ്മാണം ഉദ്യോഗസ്ഥ തലത്തിൽ നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ ?

ഉത്തരം

(എ&ബി) നിക്ഷേപകരുടെ പണം സുരക്ഷിതമാക്കുവാനും അവരുടെ താല്പര്യം സംരക്ഷിക്കുന്നതിനും ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നിയമങ്ങളൊന്നും നിലവില്ലായിരുന്നു. കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിന് 16-2-2015-ലെ 364-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനംവഴി സംസ്ഥാനത്ത് 2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ആക്ട് നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപ തട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾക്ക് പ്രസ്തുത നിയമം പര്യാപ്തമാണ്.

(സി) ടി ആക്ട് നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭരണാനുമതി നൽകിയ ആസ്തിവികസന പദ്ധതികൾ

160 (505) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാട്ടിക നിയോജക മണ്ഡലം ആസ്തിവികസന നിധിയിൽനിന്ന് ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഭരണാനുമതി നൽകിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും ഇക വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട്

161 (506) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) ഭരണാനുമതി ലഭിക്കാനായി ഇനി എത്ര പ്രവൃത്തികൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ടെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly